**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസിനും പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസിനും കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റും ഒപ്പ് വച്ചിട്ടുണ്ട്. സ്ഥലം handover ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും. പരവൂർതെക്കുംഭാഗം ഗവ. എച്ച്. എസ്. എസിന് KMBR Violation ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള പ്രത്യേക അനുമതി ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ 'കില' സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റും ഒപ്പ് വച്ചിട്ടുണ്ട്. സ്ഥലം handover ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും. പരവൂർതെക്കുംഭാഗം ഗവ. എച്ച്. എസ്. എസിന് KMBR Violation ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള പ്രത്യേക അനുമതി ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ 'കില' സ്വീകരിച്ചുവരുന്നു. |
| (സി) | പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) | പരവൂർ തെക്കുംഭാഗം ഗവ. എച്ച്.എസ്.എസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ